# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5962 — 04.11.2016 -ൽ മറുപടിക്ക്

### വിദ്യാർത്ഥികളിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ഉണ്ണി | | പ്രൊ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം ത്വരപ്പെടുത്തുന്നതിനായി സ്കൂളുകളിൽ കളികളും കായിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (എ) | വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം ത്വരപ്പെടുത്തുന്നതിനായും, സ്കൂളുകളിൽ കളികളും കായിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനുമായും, ചെറുപ്രായത്തിൽ തന്നെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും ,പരിശീലിപ്പിക്കുന്നതിനുമായി 100 കുട്ടികളിൽ കൂടുതലുള്ള യു.പി സ്കൂളുകളിൽ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരവും ,കേരള എഡ്യൂക്കേഷൻ റൂൾസിലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും ,സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ കായിക അധ്യാപകരെ നിയമിക്കുന്നതിന് 05.10.2016 ലെ സ.ഉ(എം.എസ്)നം 170/2016/പൊ.വി.വ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വ ശിക്ഷാ അഭിയാൻ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട് . ഇതിനെ അടിസ്ഥാനമാക്കി കായികാധ്യാപകർക്ക് പരിശീലനം നൽകിയിട്ടുമുണ്ട്.തുടർന്ന് വരുന്ന പാഠ്യപദ്ധതിയെ ആധാരമാക്കി കായികാധ്യാപകർ കുട്ടികൾക്ക് കായിക ആരോഗ്യ വിദ്യാഭ്യാസം നൽകി വരുന്നു. എസ്.എസ്.എ വഴി 850 കായികാധ്യാപകരെ കരാർ അടിസ്ഥാനത്തിൽ ഇക്കൊല്ലം തന്നെ സ്കൂളുകളിൽ നിയമിക്കുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |